## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 77 — 07.02.2013-ൽ മറുപടിക്ക്.

### തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ :<br>ശ്രീ. എളമരം കരീം :<br>ശ്രീ. കെ.കെ. നാരായണൻ :<br>ശ്രീ. സി.കെ. സദാശിവൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൽ വ്യാപകമായി അഴിമതിയും സ്വജനപക്ഷപാതവുമുണ്ടെന്ന് ഐ.എൻ.ടി.യു.സി അഖിലേന്ത്യാ നേതാവിന്റെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധികൾ മിക്കതും കുത്തഴിഞ്ഞതായി മാറിയിരിക്കുന്നു എന്ന പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ക്ഷേമനിധി ബോർഡുകൾ ഓരോന്നിന്റെയും 2012-13 വർഷം വരെയുള്ള പ്രവർത്തനം വിശദമാക്കുമോ? | (ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ 15 ക്ഷേമനിധി ബോർഡുകളും 22 ക്ഷേമനിധി പദ്ധതികളുമാണ് നിലവിലുള്ളത്. ഇവയുടെ പ്രവർത്തനങ്ങൾ വർഷംതോറും വിലയിരുത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചുരുക്കം ചില ബോർഡുകൾ ഒഴികെ മറ്റെല്ലാ ബോർഡുകളിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി വരുന്ന ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നിയമസഭ സമിതി മുമ്പാകെ സമർപ്പിച്ചു വരുന്നതുമാണ്. 07/08/2012 ൽ തൊഴിൽ വകുപ്പിൽ നിന്ന് പുറത്തിറക്കിയ സർക്കാർ ഉത്തരവ് എം.എസ് നമ്പർ 115/2012/തൊഴിൽ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിന് |

കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലും പരിശോധന വിഭാഗം രൂപീകരിച്ച് എല്ലാ ഓഫീസുകളിലും പരിശോധന നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ